പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4770 28.06.2013 - ൽ മറുപടിയ്ക്ക്

## വൃദ്ധജനങ്ങളുടെ സംരക്ഷണം

ചോദ്യം

ശ്രീ. പി. കെ. ബഷീർ

ഉത്തരം

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതും, ഇവരെ ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ വൃദ്ധജനങ്ങളുടെ സംരക്ഷണാർത്ഥം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സംസ്ഥാനത്തെ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുവേണ്ടി ആരംഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വയോമിത്രം. ടി പദ്ധതിയിലൂടെ വയോജനങ്ങൾക്ക് സൗജന്യമായി ഹെൽപ്പ്ഡെസ്ക്ക്, എയ്ഞ്ചൽസുമായി ചേർന്ന് ആംബുലൻസ് സർവ്വീസ്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റിവ് ഹോം കെയർ, മെഡിസിൻ എന്നിവ നൽകി വരുന്നു. സംസ്ഥാനത്തെ 5 കോർപ്പറേഷൻ പ്രദേശത്തും 19 മുനിസിപ്പൽ പ്രദേശത്തും പദ്ധതി പ്രവർത്തനം ലഭ്യമാക്കി വരുന്നു. 65 വയസിനുമുകളിൽ പ്രായമുള്ളവരും ബി.പി.എൽ കുടുംബാംഗങ്ങളുമായവർക്കായി വാർദ്ധക്യകാല പെൻഷൻ പദ്ധതി നിലവിലുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി നിയമവും ചട്ടങ്ങളും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ആവശ്യമായ പരിരക്ഷ നൽകി അവരുടെ ശാരീരിക - മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി അധിക കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| (സി) | പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വെളിപ്പെടുത്തുമോ ? | (സി) | പരിഗണനയിലില്ല. |

R. Vijay

സെക്ഷൻ ഓഫീസർ